# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1637** — **14.12.2012-ൽ മറുപടിക്ക്**

## കൃഷി വിജ്ഞാനകേന്ദ്രം

| **ചോദ്യം**<br>ശ്രീ.വി.ചെന്താമരാക്ഷൻ | **മറുപടി**<br>**ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) നെന്മാറ മണ്ഡലത്തിലെ കൊല്ലങ്കോട് കറ്റിപ്പാടത്ത് കൃഷി ഫാമിനോടനുബന്ധിച്ച് തുടങ്ങാൻ ഉദ്ദേശിക്കുന്ന കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നടപടിക്രമങ്ങൾ ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കാമോ;<br><br>(ബി) കൃഷി വിജ്ഞാന കേന്ദ്രം എന്ന് തുടങ്ങാൻ കഴിയുമെന്നും, അതിനായി ഇനി നടത്തേണ്ട പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ? | എ) & ബി) നെൻമാറ മണ്ഡലത്തിലെ കൊല്ലങ്കോട് മുതലമട കൃഷി ഫാമിനോടനുബന്ധിച്ച് കൃഷി വിജ്ഞാനകേന്ദ്രം തുടങ്ങുന്നതിനായി കേരള കാർഷിക സർവ്വകലാശാല ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ ശുപാർശ ചെയ്ത് ഐ.സി.എ.ആർ ഡയറക്ടർ ജനറലിന് അയച്ചു കൊടുക്കുകയുണ്ടായി പക്ഷേ കേരള കാർഷിക സർവ്വകലാശാലയുടെ നിയന്ത്രണത്തിൽ പാലക്കാട് ജില്ലയിലെ പട്ടാമ്പിയിൽ ഒരു കൃഷി വിജ്ഞാന കേന്ദ്രം നിലവിലുള്ളതിനാൽ പാലക്കാട് ജില്ലയിൽ വീണ്ടും ഒരു കൃഷി വിജ്ഞാനകേന്ദ്രം സ്ഥാപിക്കാൻ നിലവിൽ വ്യവസ്ഥയില്ലെന്ന് ഐ.സി.എ.ആർ. ഡയറക്ടർ ജനറൽ അറിയിക്കുകയുണ്ടായി. |

സെക്ഷൻ ആഫീസർ